**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **12-09-2023 - ൽ മറുപടിയ്ക്ക്**

**കായംകുളം മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നിർമ്മാണ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി യു പ്രതിഭ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | കായംകുളം മണ്ഡലത്തിൽ ജി.ഒ.(ആർ.റ്റി) നമ്പർ. 80/2021/എസ്സ്&വൈ.എ. തീയതി 26.02.2021 പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ച ഭരണിക്കാവ് ഗവ.യു.പി.എസ്. സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് 58 ലക്ഷം രൂപ കൂടി അധികമായി വേണമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചുറ്റുമതിൽ നിർമ്മാണം, പെയിന്റിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, ചെയ്ഞ്ച് റൂം, ഓഫീസ് സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ലാന്റ് ഫില്ലിംഗ്, സ്റ്റേഡിയത്തിന് ചുറ്റും ഇന്റർലോക്ക്, സ്ട്രീറ്റ് ലൈറ്റ് എന്നിവ പൂർത്തീകരിക്കുന്നതിന് ആവശ്യമായ അധികതുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ; | (എ) | ഉണ്ട്.<br><br>അധിക പ്രവൃത്തിയായ ചുറ്റുമതിൽ നിർമ്മാണം, പെയിന്റിംഗ്, ടോയ്ലറ്റ് ബ്ലോക്ക്, ചെയ്ഞ്ച് റൂം, ഓഫീസ് സെക്യൂരിറ്റി ക്യാബിൻ, ഇൻഡോർ സ്റ്റേഡിയത്തിന് ചുറ്റും 30 സെ. മീ. നിലം നികത്തൽ, സ്റ്റേഡിയത്തിന് ചുറ്റും ഇന്റർ ലോക്ക്, സ്ട്രീറ്റ് ലൈറ്റ് എന്നിവ പൂർത്തീകരിക്കുന്നതിനാവശ്യമായ അധിക തുക അനുവദിക്കുന്നത് സംബന്ധിച്ച് 58 ലക്ഷം രൂപയുള്ള റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഉത്തരവ് പ്രകാരം 80 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കണ്ടല്ലൂർ ഗ്രാമപഞ്ചായത്തിലെ സ്റ്റേഡിയത്തിൻെറ കരാർ നേടിയ കരാറുകാരൻ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (ബി) | കണ്ടല്ലൂർ ഗ്രാമ പഞ്ചായത്ത് സ്റ്റേഡിയത്തിന്റെ നവീകരണത്തിനായി കായിക വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 80 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി പ്രീ എഞ്ചിനീയറിംഗ് ഇൻഡോർ മൾട്ടി കോർട്ടും അനുബന്ധ സൗകര്യങ്ങളുമാണ് നടപ്പിലാക്കുന്നത്. സ്റ്റീൽ ഇൻഡസ്ട്രിയൽ കേരളാ ലിമിറ്റഡ് എന്ന സ്ഥാപനത്തിനാണ് പദ്ധതിയുടെ കരാർ ലഭിച്ചിട്ടുള്ളത്. 4 മാസമാണ് പദ്ധതിയുടെ പൂർത്തീകരണ കാലാവധി. 66,13,033/- രൂപ അടങ്കലിലാണ് കരാറുകാരൻ പദ്ധതി ഏറ്റെടുത്തിട്ടുള്ളത്.<br><br>23.05.2022 ന് കരാറുകാരന് സൈറ്റ് ഹാന്റ് ഓവർ ചെയ്തു കൊടുത്തിരുന്നു. പക്ഷെ പ്രവൃത്തിയുടെ ആരംഭ ഘട്ടത്തിൽ തന്നെ ബി.ഒ.ക്യൂ.-വിൽ പ്രതിപാദിക്കുന്ന |

| | | | | |
|---|---|---|---|---|
| | | | | ഫൗണ്ടേഷൻ ചെയ്യുന്ന സമയത്ത് മണ്ണിന്റെ ഘടനയിൽ വ്യത്യാസം ഉള്ളതിനാലും, ഫൗണ്ടേഷൻ ഡിസൈനിൽ മാറ്റം വന്നിരുന്നതിനാലും, അമിതമായ മഴയും വെള്ളകെട്ടും കാരണത്താലും സമയത്ത് പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാരന് സാധിച്ചിരുന്നില്ല. കരാർ പ്രകാരം പ്രവൃത്തി 22.09.2022-ന് പൂർത്തിയാക്കേണ്ടതായിരുന്നു. പ്രവൃത്തി പൂർത്തിയാകാത്ത സാഹചര്യത്തിൽ 2 തവണ ടൈം ഓഫ് കംപ്ലീഷൻ നീട്ടി നല്കയിട്ടുണ്ടായിരുന്നു.<br><br>2023 ജനുവരി 26-ന് പ്ലിൻത്ത് ബീം പ്രവൃത്തിയ്ക്ക് ശേഷം കരാറുകാരന്റെ ഭാഗത്ത് നിന്ന് വീണ്ടും കാലതാമസമുണ്ടായി. പ്രവൃത്തി തുടങ്ങുന്നതിന് വേണ്ടി കരാറുകാരന് കത്ത് അയയ്ക്കുകയും ചെയ്തു. ഫണ്ട് ക്ഷാമം കാരണം പ്രവൃത്തി ആരംഭിക്കാൻ കഴിയില്ലെന്ന് കരാറുകാരൻ അറിയിച്ചു. ബിൽ പേയ്മെന്റ് ലഭിച്ചതിന് ശേഷം 04/08/2023-ന് പ്രവൃത്തി പുനരാരംഭിച്ചു. |

സെക്ഷൻ ഓഫീസർ